വിഘാതമായി നിൽക്കുന്ന ക്രമസമാധാനപ്രശ്ന ങ്ങൾക്കും സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹാരം കണ്ടെത്താറുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ ചെലവഴിച്ച തുകയെത്രയെന്നും എന്താവശ്യ ത്തിനുവേണ്ടിയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രത്യേക മായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്നും വ്യക്തമാ ക്കുമോ?

(സി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ **IWAI** വഴി **2014** ഡിസംബറിൽ പണി പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗ തടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നി വലകൾ എന്നിവയും, കൊല്ലം ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടി കൂടിയ പ്രതലം (**Under Water Lateritebed**)മുതലായവയാണ് പണി പൂർത്തീ കരിക്കുവാൻ കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

Shams

സെക്ഷൻ ഓഫീസർ